"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — വാണിമേൽ ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.9 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1317/2023/LSGD തീയതി,തിരുവനന്തപുരം, 24-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 20.08.2022 ലെ പി എ എൻ/12175/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.02.2023 ലെ ഡി.കെ.എസ്.എ 4246/പി.റ്റി2/2022 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്ത് മിനിസ്റ്റേഡിയം മെയിന്റനൻസിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിനാൽ പരാമർശ പ്രവൃത്തിയ്ക്ക് ചെലവായ 1,34,670/- രൂപ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 87/08 പ്രകാരം നടപ്പിലാക്കിയ വാണിമേൽ പഞ്ചായത്തിന്റെ മിനിസ്റ്റേഡിയം മെയിന്റനൻസ് (ഗാലറി നിർമ്മാണം) എന്ന പ്രോജക്ടിൽ 1,34,670/- രൂപ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും മിനിസ്റ്റേഡിയം ഗാലറി നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ച് പ്രവൃത്തി ചെയ്യാൻ ഇടയായത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലാത്തതിനാലും, ഗ്രാമപഞ്ചായത്തിന്റെ ഏക കളിസ്ഥലമായ മിനിസ്റ്റേഡിയം പുനരുദ്ധാരണം വളരെ അത്യന്താപേക്ഷിതമായതിനാലുമാണെന്നും പ്രസ്തുത ഗാലറി നിർമ്മാണം വളരെ തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും കുട്ടികൾക്കും യുവജനങ്ങൾക്കും വളരെ ഉപകാരപ്രദമായിട്ടുണ്ടെന്നു ഭരണസമിതിക്ക് ബോധ്യമായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഉപയോഗിച്ച് പ്രവൃത്തി ചെയ്യാൻ ഇടയായത് മാപ്പാക്കണമെന്നും നിലവിൽ ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കുന്നില്ലെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, ഓഡിറ്റ് പരാമർശത്തിന്മേലുള്ള ഗ്രാമപഞ്ചായത്തിന്റെ മറുപടി തൃപ്തികരമല്ലെങ്കിലും പണാപഹരണമോ വ്യക്തിപരമായ താല്പര്യങ്ങളോ ഇല്ലെന്നതു പരിഗണിച്ച് വാണിമേൽ

ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിന് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, പണാപഹരണമോ വ്യക്തിപരമായ താല്പര്യങ്ങളോ ഇല്ലെന്നതു പരിഗണിച്ചും വരും വർഷങ്ങളിൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 പ്രകാരം തടസ്സപ്പെടുത്തിയ 1,34,670/- രൂപയ്ക്ക് (ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി അറുന്നൂറ്റി എഴുപത് രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വാണിമേൽ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/150/2022-LSGD )

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ